# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : കെ. ടി. ബാലഭാസ്കരൻ**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ (Black Soldier Fly Larvae) സേവനം നല്കുന്നതിലേയ്ക്ക് M/s ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജീസ് എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 31.12.2014ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.10.2021 ലെ 1547/സി2/2021/എസ്.എം നമ്പർ നടപടിക്രമം

3. 13.08.2018ൽ ചേർ 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റിയുടെ 3.6-ാം നമ്പർ തീരുമാനം.

4. M/s ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജീസ് ഏജൻസിയുടെ 06-03-2023-ലെ ഇ-മെയിൽ സന്ദേശം.

5. 09-05-2023-ൽ പാലക്കാട് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ കത്ത്.

6. 06.06.2023 തീയതിയിൽ കൂടിയ ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

7. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.04.2023 ലെ 2503/സി2/2021/എസ്.എം നമ്പർ നടപടിക്രമം

നം: 5110/C4/2023/SM തീയതി: 17.10.2023

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ബ്ലാക്ക് സോൾജ്യർ ഫ്ലൈ ലാർവകൾ ഉപയോഗിച്ച് ജൈവ മാലിന്യ സംസ്കരണം നടത്തുന്നതിന് ശുചിത്വ മിഷന്റെ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം M/s ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജീസ് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ബ്ലാക്ക് സോൾജ്യർ ഫ്ലൈ ലാർവകൾ ഉപയോഗിച്ചുകൊണ്ടുള്ള ജൈവമാലിന്യ സംസ്കരണത്തിന് 18.02.2023 മുതൽ ഒരു വർഷത്തേക്ക് അംഗീകാരം പുതുക്കി നൽകി പരാമർശം (7) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ഏജൻസിയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് സൈറ്റ് പരിശോധന നടത്തി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ മിഷൻ ഫീൽഡ് വെരിഫിക്കേഷൻ നടത്തി പ്രസ്തുത സ്ഥാപനത്തെ എംപാനൽ ചെയ്യുന്നതിലേക്ക് പരിഗണിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

പരാമർശം (6) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ M/s ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജീസ് സമർപ്പിച്ച അപേക്ഷയും ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടും പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. പ്രസ്തുത കമ്മിറ്റിയിൽ, M/s ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജീസ് എന്ന ഏജൻസിക്ക് ബ്ലാക്ക് സോൾജ്യർ ഫ്ലൈ ലാർവകൾ ഉപയോഗിച്ചുകൊണ്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ (PPP mode) മാലിന്യ സംസ്കരണം നടപ്പാക്കുന്നതിന് അനുമതി നൽകുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, മേൽ സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പരാമർശം (6) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള **M/s ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജി, വാർഡ് നം. XVI. ആനക്കര പഞ്ചായത്ത്, ആനക്കര വില്ലേജ്, പട്ടാമ്പി, പാലക്കാട്** എന്ന ഏജൻസിക്ക് **ബ്ലാക്ക് സോൾജ്യർ ഫ്ലൈ ലാർവകൾ ഉപയോഗിച്ച് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ** (പി.പി.പി. മോഡിൽ) ജൈവ മാലിന്യ സംസ്കരണം നടത്തുന്നതിന് ശുചിത്വ മിഷന്റെ അംഗീകൃത **സേവനദാതാവായി** ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഉത്തരവ് തീയതി മുതൽ **ഒരു വർഷത്തേക്ക്** ആയിരിക്കും.

| Sl. No. | Name of Agency | Area Recommended |
|---|---|---|
| 1 | FABBCO BIOCYCLE & BIO PROTEIN TECHNOLOGY Ward No. XVI, Anakkara Panchayat, Anakkara Village, Pattambi Taluk, Palakkad District, Kerala. e-mail ID- usmanap63@gmail.com Phone: 91-7034122222 | To implement Biodegradable waste management projects in PPP mode using the Black Soldier Fly Larvae (BSF) Technology |

**നിബന്ധനകൾ**

1. ഈ അംഗീകാരത്തിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.
2. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം താങ്കൾക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
5. ബ്ലാക്ക് സോൾജ്യർ ഫ്ലൈ ലാർവകൾ വൻതോതിൽ ഉപയോഗിക്കുന്നതുമൂലം പരിസരവാസികൾക്ക് ഇവയുടെ പുഴുക്കൾ കാരണമോ ഈച്ചകൾ കാരണമോ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും അത്തരത്തിൽ യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നില്ലായെന്ന് പ്രവൃത്തി നിർവ്വഹണ ഏജൻസി ഉറപ്പ് വരുത്തേണ്ടതുമാണ്.
6. പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് ഈ ഉത്തരവുപ്രകാരം അനുമതി നൽകുന്നത്. ട്രയൽ റൺ പൂർത്തിയാക്കിയ ശേഷം ആദ്യത്തെ 10 വർഷം പ്രവർത്തി നിർവ്വഹണ

ഏജൻസി തന്നെ O&M നിർവ്വഹിക്കേണ്ടതാണ്.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി കമ്മ്യൂണിറ്റി/ സ്ഥാപനതല ഉപാധികൾ സ്ഥാപിക്കുമ്പോൾ ആദ്യത്തെ 10 വർഷത്തിന് ശേഷം പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്ന പക്ഷം നിർബന്ധമായും ടി പ്ലാന്റിന്റെ തുടർ പ്രവൃത്തി പരിപാലനം (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) നടത്തേണ്ടതാണ്.
8. പ്രവൃത്തി പരിപാലന കാലയളവിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടാണ് പ്ലാന്റിൻ്റെ പ്രവൃത്തി പരിപാലനം നടപ്പാക്കുന്നതെങ്കിൽ, പ്രവൃത്തി പരിപാലന കാലയളവിന് ശേഷം മൂന്നു മാസത്തിൽ ഒരിക്കലും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും താങ്കൾ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ/ പ്ലാന്റുകൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.
9. സേവന കാലാവധി തീരുന്ന മുറയ്ക്ക് താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.
10. സേവനദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി, AMC കാലാവധി, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും (മാതൃക ഉള്ളടക്കം ചെയ്യുന്നു), ആവശ്യപ്പെടുന്ന പക്ഷം ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.
11. പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
12. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ ബ്ലാക്ക് സോൾജ്യർ ഫ്ലൈ ലാർവകൾ ഉപയോഗിച്ചുകൊണ്ടുള്ള ജൈവമാലിന്യ സംസ്കരണത്തിന് യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
13. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
14. മേൽ പറഞ്ഞ നിബന്ധകൾക്ക് ഉപരിയായി താങ്കളുടെ സേവനം തൃപ്തികരമല്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷമോ, മേൽ പറഞ്ഞ നിബന്ധനകൾ

കർശനമായി പാലിക്കാത്തതായി ബോധ്യപ്പെടുന്നപക്ഷമോ, താങ്കളുടെ സേവനദാതാവായുള്ള അംഗീകാരം പുനഃപരിശോധിച്ച്, അംഗീകാരം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ശുചിത്വ മിഷന് ഉണ്ടായിരിക്കുന്നതാണ്.

15. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ പങ്കെടുത്ത് സഹകരണം ഉറപ്പാക്കേണ്ടതാണ്.

ഉള്ളടക്കം: സർവ്വീസ് രജിസ്റ്റർ മാതൃക

Sd/-

കെ ടി ബാലഭാസ്കരൻ *

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2.ഡയറക്ടർ LSGD(Urban)(അറിവിലേയ്ക്ക്)
3.ഡയറക്ടർ LSGD(Rural)(അറിവിലേയ്ക്ക്)
4. ഗ്രാവികസന കമ്മീഷണർ (അറിവിലേയ്ക്ക്)
5. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
7. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
8. ബന്ധപ്പെട്ട എല്ലാ സേവന ദാതാകൾക്കും
9. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
10. എസ്.ഐ.ആർ.ഡി, കൊട്ടരക്കര
11. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.